# സെഹിയോൻ

## ബുള്ളറ്റിൻ

2024 ഒക്ടോബർ • നവംബർ • ഡിസംബർ




**സെഹിയോൻ മാർത്തോമ്മാ ഇടവക**

ആമല്ലൂർ, തിരുവല്ല, ഫോൺ 0469 2962135

**Rev. Thomas Mathew**, Mob: **9745153653**

www.amalloorsehionmtc.org

| ആരാധനാ സഹായ ക്രമീകരണങ്ങൾ | | | |
|---|---|---|---|
| **തീയതി** | **മാസം** | **ദിവസം** | **പ്രാർത്ഥനായോഗങ്ങൾ / സംഘടനകൾ** |
| 06 | ഒക്ടോബർ | ഞായർ | ഇടവകമിഷൻ |
| 13 | | ഞായർ | യംഗ് വിമൻസ് ഫെല്ലോഷിപ്പ് |
| 20 | | ഞായർ | യുവജനസഖ്യം |
| 27 | | ഞായർ | കുടുംബങ്ങൾ |
| 03 | നവംബർ | ഞായർ | സൺഡേസ്കൂൾ |
| 10 | | ഞായർ | ഗായകസംഘം |
| 17 | | ഞായർ | സേവികാസംഘം |
| 24 | | ഞായർ | പ്രവാസികൾ |
| 1 | ഡിസംബർ | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 1 |
| 8 | | ഞായർ | സൺഡേസ്കൂൾ |
| 15 | | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 2 |
| 21 | | ശനി | സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് |
| 22 | | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 3 |
| 25 | | ബുധൻ | കൈസ്ഥാന സമിതി |
| 29 | | ഞായർ | യുവജനസഖ്യം |
| 31 | | ചൊവ്വ | ഗായകസംഘം |

| ഞായറാഴ്ചകളിലെ പാഠം വായനാഭാഗങ്ങൾ | | | | |
|---|---|---|---|---|
| തീയതി | ഒന്നാം പാഠം | രണ്ടാം പാഠം | ലേഖനം | ഏവൻഗേലിയോൻ |
| 2024 ഒക്ടോബർ | | | | |
| 06 ഞായർ | 2 രാജാ.7:3-11 | 1 തെസ്സ. 2:1-12 | 2 തിമൊ. 2:1-13 | വി.ലൂക്കൊ. 9:1-6 |
| 13 ഞായർ | ഉല്പ. 1:24-31 | 2 കൊരി. 12:1-10 | ഫിലി. 2:25-30 | വി മർക്കോ. 3:1-5 |
| 20 ഞായർ | ദാനി. 1:1-21 | എഫെ. 6:10-18 | ഫിലി. 3:7-14 | വി.ലൂക്കൊ. 19:1-10 |
| 27 ഞായർ | ഉല്പ. 45:1-15 | അ.പ്ര. 16:19-34 | കൊലോ. 3:18-25 | വി.ലൂക്കൊ. 2:41-52 |
| 2024 നവംബർ | | | | |
| 03 ഞായർ | ഉല്പ. 17:1-8 | 1 യോഹ. 2:7-14 | എഫെ. 6:1-4 | വി. മർക്കോ. 10:13-16 |
| 10 ഞായർ | യോശുവ. 4:1-8 | 1 കൊരി. 12:12-27 | എഫെ. 4:1-7 | വി. യോഹ. 17:20-23 |
| 17 ഞായർ | 1 ദിന. 24:1-19 | എബ്രാ. 6:9-12 | റോമ 10:9-15 | വി.ലൂക്കൊ. 1:5-23 |
| 24 ഞായർ | 1 ശമു. 2:1-11 | ഗലാ. 4:1-7 | റോമ. 12:1,2 | വി.ലൂക്കൊ. 1:26-38 |
| 2024 ഡിസംബർ | | | | |
| 01 ഞായർ | പുറ. 7:1-7 | അ.പ്ര. 9:26-31 | റോമ. 15:5-9 | വി.ലൂക്കൊ. 1:39-45 |
| 08 ഞായർ | മലാഖി 3:1-4 | അ.പ്ര. 16:1-5 | 2 തിമൊ. 1:3-10 | വി.ലൂക്കൊ. 1:57-66 |
| 15 ഞായർ | യെശ. 7:10-17 | 1 തെസ്സ. 5:12-22 | 1 പത്രൊ. 1:5-11 | വി. മത്താ. 1:18-23 |
| 21 ശനി | ദാനി. 3:1-18 | അ.പ്ര. 21:7-14 | 2 കൊരി. 6:3-10 | വി. യോഹ. 11:5-16 |
| 22 ഞായർ | യെശ. 11:1-10 | അ.പ്ര. 3:19-26 | എബ്രാ. 1:1-12 | വി. യോഹ. 1:9-18 |
| 25 ബുധൻ | മീഖാ 5:1-9 | ഗലാ. 4:1-7 | ഫിലി. 2:5-11 | വി.ലൂക്കൊ. 2:1-14 |
| 29 ഞായർ | 1 ശമു. 7:1-12 | റോമ. 8:31-39 | 2 തെസ്സ. 2:13-15 | വി. മത്താ. 11:25-30 |
| 31 ചൊവ്വ | യിര. 29:8-14 | യൂദാ 20-25 | എഫെ. 4:17-24 | വി. മത്താ. 7:7-12 |

LIGHTED TO LIGHTEN

# ആമല്ലൂർ സെഹിയോൻ
# മാർത്തോമ്മാ ചർച്ച്

## സെഹിയോൻ ബുള്ളറ്റിൻ

ഒക്ടോബർ ▸ നവംബർ ▸ ഡിസംബർ

2024



# വികാരിയുടെ കത്ത്

കർത്താവിൽ പ്രിയരെ,

മനുഷ്യമനസ്സുകളെ ഏറെ വേദനിപ്പിച്ച സംഭവങ്ങൾ കണ്ട നാളുകളാണ് കടന്നുപോയത്. പ്രകൃതിയിൽ വളരെയേറെ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. വലിയ പ്രളയക്കെടുതികൾക്ക് നാം സാക്ഷ്യം വഹിച്ചു. ദീനരോദന ശബ്ദങ്ങൾ ഇപ്പോഴും ഉയരുന്നുണ്ട്. നഷ്ടങ്ങളുടെ യഥാർത്ഥ കണക്ക് കൂട്ടാൻ ആർക്കും സാധിക്കില്ല. എത്രയോ ജീവിതങ്ങളാണ് പൊലിഞ്ഞത്. വയനാട്ടിലെ ശ്രുതിയുടെ കരച്ചിൽ 'ഇച്ചായാ എന്നെയും കൂടെ കൊണ്ടുപോകുന്നില്ലേ' എന്നാണ്. മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടലിൽ സ്വന്തം കുടുംബത്തിലെ 9 പേരുടെ നഷ്ടം സംഭവിച്ചവൾ ആയിരുന്നു ശ്രുതി. എന്നാൽ ജെൻസൻ എന്ന കോഴിക്കോട്ടുകാരൻ തുണയായി ഉണ്ടെന്ന ഒരു ഉറപ്പിൽ ആത്മഹത്യ ചെയ്യാതെ അവൾ സമാധാനം കണ്ടെത്തി. വിധി തന്റെ പ്രാണനായിരുന്നവനെ ഒരു അപകടത്തിൽ നഷ്ടപ്പെടുത്തി. ഇനിയുള്ളകാലം അവൾക്ക് ഒപ്പം ഉണ്ടാകും എന്ന നിശ്ചയത്തോടെ ശ്രുതിയെ ചേർത്ത് പിടിച്ചവനാണ് ജെൻസൻ. എന്നാൽ ആ കരം ഇന്നില്ല. മനുഷ്യൻ എത്ര ക്ഷണികൻ എന്ന പാഠം ഗ്രഹിക്കാൻ നമുക്ക് സാധിക്കുമോ? എന്നാൽ എന്നും കൂടെ ഉണ്ടാകും എന്ന് പറഞ്ഞ ക്രിസ്തുനാഥനാണ് നമ്മുടെ ബലം.

പ്രകൃതി രമണീയമായ വയനാടിന്റെ ഭൂവിഭാഗത്തിൽ 38% വനമാണ്. ഏറ്റവും കുറവ് ജനസംഖ്യയുള്ള ജില്ലയും വയനാടാണ്. എന്നാൽ ആ ജില്ലക്ക് ഇന്ന് തോരാത്ത കണ്ണീരിന്റെ അനുഭവം ചാർത്തിയത് 2024 ജൂലൈയിൽ ഉണ്ടായ ദുരന്തമാണ്. കനത്ത മഴയിലും ഉരുൾ പൊട്ടലിലും മരിച്ചവരുടെ എണ്ണം 385 എന്ന് മാധ്യമങ്ങൾ രേഖപ്പെടുത്തുന്നു. ആരുടേത് എന്നറിയാത്ത ശരീരഭാഗങ്ങൾ പുത്തുമലയിലെ ഹാരിസൺ എസ്റ്റേറ്റിൽ കൂട്ടമായി സംസ്കരിച്ചു. ഉറങ്ങികിടന്നവരെ ഉണരാൻ അനുവദിക്കാതെ മരണം വിഴുങ്ങിക്കളഞ്ഞു. തീവ്രമഴക്ക് കാരണമാകുന്നത് കൂമ്പാരമേഘങ്ങൾ ആണെന്ന് കാലാവസ്ഥാ കേന്ദ്രങ്ങൾ അറിയിക്കുന്നു. മേഘപാളികൾ ഒന്നിനുമീതെ ഒന്നായി കിലോമീറ്റർ ഉയരത്തിൽ രൂപപ്പെടുന്നതാണ് കൂമ്പാരമേഘം. ഈ പ്രതിഭാസത്തിൽ അടയാളങ്ങൾ പോലും ശേഷിപ്പിക്കാതെ ഒരു പ്രദേശമാകെ തുടച്ച് നീക്കപ്പെട്ടു. പച്ചപ്പ് പിടിച്ചിരുന്ന മനോഹര ഗ്രാമം ഇന്ന് വെറും ചെളിക്കുണ്ടായി മാറി. ദുരന്തത്തിന് മൂന്ന് മണിക്കൂർ മുമ്പ് കൽപ്പറ്റ - മുണ്ടക്കൈ KSRTC ചൂരൽ മലയോരത്ത് നിർത്തിയിട്ടത് ഇനി എന്ന് ഇവിടെനിന്നും യാത്രയാകും എന്നറിയാതെ മൂകസാക്ഷിയായി കിടപ്പുണ്ടായിരുന്നു. പൂത്തുമലയിൽ ജാതി, മത, വർഗ്ഗ വ്യതാസമില്ലാതെ സർവ്വമത പ്രാർത്ഥനയോടെ അടക്കം ചെയ്ത ശ്മശാന ഭൂമിയിൽ ഇന്നും ബന്ധുക്കളെ

അന്വേഷിക്കുന്നവരെ കാണാം. സംസ്കരിച്ച സ്ഥലത്ത് നാട്ടി വച്ചിരിക്കുന്ന കല്ലുകളിലെ DNA സാംമ്പിളുകളുടെ നമ്പർ നോക്കി പ്രിയപ്പെട്ടവരുടെ ശവകുടീരം കണ്ടെത്താൻ ശ്രമിക്കുന്ന കാഴ്ച്ച എത്രയോ വേദനാജനകം. ‘ചത്തതിനൊക്കുമോ ജീവിച്ചിരിക്കിലും ‘എന്ന അവസ്ഥയിലാണ് ഇന്ന് അവിടെ ജീവിക്കുന്നവർ. എങ്ങും വേദനയുടെ കഥകൾ മാത്രം.

അവരെ കരുതാൻ അനേകം കരങ്ങൾ തുറക്കപ്പെട്ടിരിക്കുന്നു. മാർത്തോമ്മാ മെത്രാപ്പോലീത്താ ആ സ്ഥലം സന്ദർശിച്ചു. 25 വീടുകൾ വെച്ച് കൊടുക്കുന്നതിന് വേണ്ട ക്രമീകരണം ചെയ്തു. മറ്റു സഹായങ്ങളും വാഗ്ദാനം നൽകി. സഭയായി ചെയ്യുന്ന സഹായങ്ങളിൽ നമുക്കും പങ്കാളികളാകാം. ദുരന്തങ്ങൾ ഏത് സമയത്തും എവിടെയും ഉണ്ടാകാം. ദുരന്തങ്ങളിൽ മനുഷ്യൻ നിസ്സഹായനായി മാറുന്ന കാഴ്ചകൾ. ദുരന്തങ്ങളിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളാൻ നമുക്ക് സാധിക്കുന്നുവോ? കരുതിവെച്ച സ്വർണവും പണവും ചെളിക്കുഴിയിൽ നിന്നും വാരിയെടുക്കുന്ന കാഴ്ച നമ്മൾ കണ്ടു. അതിന്റെ അവകാശികൾ ഇന്നില്ല. ആരുടേത് ആയിരുന്നു എന്ന് ഒരു പക്ഷേ അറിയാൻ കൂടി കഴിയാതെ പോകുന്നു. ഇതാണ് മനുഷ്യ ജീവിതം. ഇത് ഓർക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

സഭാ പ്രതിനിധി മണ്ഡലവും, ഭരണഘടനാ ഭേദഗതിക്കായി കൂടിയ വിശേഷാൽ പ്രതിനിധി മണ്ഡലവും 2024 സെപ്റ്റംബർ 17 മുതൽ 20 വരെ ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ടു. ആകെയുള്ള 1485 പേരിൽ 1050 പേർ പങ്കെടുത്ത മീറ്റിംഗിൽ സഭയുടെ കഴിഞ്ഞ വർഷത്തെ വരവ് ചെലവ് കണക്കുകളും പുതുവർഷത്തെ ബഡ്ജറ്റും അംഗീകരിക്കപ്പെട്ടു. കൂടാതെ സഭാ ഭരണഘടനാ ഭേദഗതികൾ ചർച്ച ചെയ്ത് ക്രമപ്പെടുത്താനും സാധ്യമായി. രണ്ട് മണ്ഡലങ്ങളായി ഭേദഗതി വരുത്തേണ്ട ഭാഗങ്ങൾ എല്ലാം മാറ്റി പുനഃക്രമീകരണം ചെയ്യുവാൻ ഇടയായി. എപ്പിസ്കൊപ്പാമാരുടെ വിരമിക്കൽ പ്രായം 80 ആക്കണം എന്ന പ്രമേയത്തിന്മേൽ നടന്ന ദീർഘമായ ചർച്ചയ്ക്ക് ശേഷം അങ്ങനെ ഒരു പ്രായ പരിധി നിശ്ചയിക്കാതെ ഭരണഘടന 7A-ൽ നിലവിൽ ഉള്ള പ്രകാരം ചുമതലകൾ നിർവ്വഹിക്കാൻ തീരുമാനിച്ചു. പ്രയാസമെന്ന് സ്വയം തോന്നുന്ന പക്ഷം അധികാരങ്ങളിൽ നിന്നും ചുമതലകളിൽ നിന്നും ഒഴിയാവുന്നതാണ് എന്ന തീരുമാനം സ്വീകരിച്ചു. വയനാട് പുനരധിവാസ പ്രവർത്തനങ്ങൾക്ക് 3 കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തി.

ഒക്ടോബർ മാസം 6-ാം തീയതി സന്നദ്ധ സുവിശേഷക സംഘദിനമാണ്. ദൈവരാജ്യത്തിന്റെ സാക്ഷ്യം വാക്കിലും പ്രവർത്തിയിലും നിർവ്വഹിക്കാൻ വിളിക്കപ്പെട്ടവരായ നാം യേശുക്രിസ്തുവിന്റെ ഭാവം ഉള്ളവരായി വ്യത്യസ്ത മേഖലകളിൽ സാക്ഷികളായി ജീവിക്കാൻ ഇടയാവട്ടെ. 13-ാം തീയതി ഭിന്നശേഷിക്കാരെ ഓർത്ത് പ്രാർത്ഥിക്കുന്ന ദിനമാണ്. ദൈവം നൽകിയിരിക്കുന്ന വ്യത്യസ്ത കഴിവുകൾ നമുക്കുള്ളതുകൊണ്ട് ശാരീരിക പരിമിതി ഉള്ളവരെ കൈവിടാതെ ചേർത്ത് നിർത്താൻ നമുക്ക് കഴിയണം. 20-ാം തീയതി യുവജന ഞായർ. അർത്ഥപൂർണ്ണമായ ദർശനവും സമർപ്പണവും രൂപപ്പെടുന്ന യൗവ്വനകാലം യേശുക്രിസ്തുവിലുള്ള സഖിത്വത്തിൽ നിലനിർത്താൻ നമ്മുടെ യുവജനങ്ങളെ ദൈവം സഹായിക്കട്ടെ. 27-ാം തീയതി ദൈവത്താൽ സ്ഥാപിതമായ നമ്മുടെ കുടുംബത്തെ വീണ്ടും പ്രതി

ഷ്ഠിക്കുന്ന ദിനമാണ്. ദൈവഹിതം അനുസരിച്ച് ഒത്തൊരുമയോടെ കുടുംബ ബന്ധങ്ങൾ നിലനിർത്താൻ ശ്രമിക്കാം. നവംബർ മാസം സഭയുടെ ഒരുക്ക നാളുകളായി കൊണ്ടാടുന്നു. 1-ാം ഞായറാഴ്ച 'കൂദോശ് ഈത്തോ', സഭാ ശുദ്ധീകരണ ദിനമാണ്. അന്നേ ദിവസം അഖില ലോക സണ്ടേസ്കൂൾ ദിനമായും ആചരിക്കുന്നു. നമ്മുടെ സണ്ടേസ്കൂൾ കുഞ്ഞുങ്ങളെ ഓർത്ത് പ്രാർത്ഥിക്കാം. നവംബർ 2-ാം ഞായറാഴ്ച 'ഹുദോസ് ഈത്തോ', സഭയുടെ പുതുക്ക ഞായർ. ശുദ്ധീകരണത്തോടും പുതുക്കത്തോടും കൂടി കർത്താവിന്റെ ജനനപ്പെരുന്നാൾ കൊണ്ടാടാൻ ആഗ്രഹിക്കുന്ന സഭ ലോകത്തിന് വെളിച്ചമായി വന്ന കർത്താവിനെ ജീവിതത്തിന്റെ വെളിച്ചമാക്കി തീർക്കുന്ന അനുഭവത്തിലേക്ക് പ്രവേശിക്കുന്നു. തുടർന്ന് അറിയിപ്പുകളുടെ കാലമാണ്. സെഖര്യാവിനോടും കന്യക മറിയത്തോടും ഉള്ള അറിയിപ്പ് മൂന്നും നാലും ഞായറാഴ്ചകളിൽ ചിന്തിക്കുന്നു. ഡിസംബർ 1-ാം തീയതി മുതൽ 25 നോമ്പ് ആരംഭിക്കുന്നു. നമ്മുടെ ശരീരങ്ങളെയും മനസ്സുകളെയും ദൈവത്തിൽ സമർപ്പിച്ചുകൊണ്ട് പുതുവർഷത്തിലേക്ക് പ്രവേശിക്കുന്ന നാളുകളാണ് ഈ ദിനങ്ങൾ. പുതിയ പ്രതീക്ഷയും പ്രത്യാശയും നൽകുന്നവനാണ് ദൈവം. ആ ദൈവത്തിന്റെ സവിശേഷമായ കരുതലും കരുണയും അനുഭവിക്കുന്ന നാളുകളാകട്ടെ തുടർന്ന് ലഭിക്കുന്ന ദിനങ്ങൾ എന്ന് ആശിക്കുന്നു, പ്രാർത്ഥിക്കുന്നു. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.

സ്നേഹപൂർവ്വം

**ജോസിയച്ചൻ**

| **സഭാവിശേഷദിവസങ്ങൾ** | | | |
|---|---|---|---|
| **മാസം** | **തീയതി** | **ദിവസം** | **വിശേഷങ്ങൾ** |
| ഒക്ടോബർ | 6 | ഞായർ | സന്നദ്ധസുവിശേഷക സംഘദിനം |
| ഒക്ടോബർ | 20 | ഞായർ | യുവജന ഞായർ |
| ഒക്ടോബർ | 27 | ഞായർ | ക്രിസ്തീയ കുടുംബ പ്രതിഷ്ഠാ ദിനം |
| നവംബർ | 3 | ഞായർ | അഖില ലോക സണ്ടേസ്കൂൾ ദിനം |
| നവംബർ | 24 | ഞായർ | പ്രവാസി ഞായർ |
| ഡിസംബർ | 1 | ഞായർ | ഇരുപത്തിയഞ്ച് നോമ്പ് ആരംഭം / വേദപുസ്തക ഞായർ |
| ഡിസംബർ | 8 | ഞായർ | യോഹന്നാൻ സ്നാപകന്റെ ജനനം |
| ഡിസംബർ | 21 | ശനി | മാർത്തോമ്മാ സഭാദിനം |
| ഡിസംബർ | 25 | ബുധൻ | ജനനപ്പെരുന്നാൾ |
| ഡിസംബർ | 31 | ഞായർ | പ്രത്യാശയുടെ ദൈവത്തോടുകൂടെ പുതുവർഷത്തിലേക്ക് |

# ഇടവക വാർത്തകൾ

## സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ് പ്രവർത്തനോദ്ഘാടനം:

തിരുവല്ല ഈസ്റ്റ് സെന്റർ സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ് പ്രവർത്തനോദ്ഘാടനം ജൂലൈ 9-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് നമ്മുടെ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. മുഖ്യാതിഥി വെരി റവ. ജോർജ്ജ് മാത്യു പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചു. മീറ്റിംഗിൽ പങ്കെടുത്ത എല്ലാവർക്കും യോഗമധ്യേ ചായയും പലഹാരവും യോഗാനന്തരം ഉച്ചഭക്ഷണവും നൽകി ഇടവക സൽക്കരിച്ചു.

## കൈസ്ഥാന സമിതി റിട്രീറ്റ്:

2024 ജൂലൈ 16-ാം തീയതി കൈസ്ഥാന സമിതി റിട്രീറ്റ് മല്ലപ്പള്ളിയുടെ സമീപമുള്ള 'ഊര്' എന്ന സ്ഥാപനത്തിൽ വെച്ച് നടത്തപ്പെട്ടു. ബഹുമാനപ്പെട്ട തോമസ് മാത്യു അച്ചന്റെയും കുരുവിള ഫിലിപ്പ് അച്ചന്റേയും നേതൃത്വത്തിൽ കൈസ്ഥാന സമിതി അംഗങ്ങളും സംഘടനാ ഭാരവാഹികളും പ്രാർത്ഥനാ ഗ്രൂപ്പ് ഭാരവാഹികളും സൺഡേ സ്കൂൾ അദ്ധ്യാപകരും അടങ്ങിയ 35 അംഗസംഘം റിട്രീറ്റിൽ പങ്കെടുത്തു. റവ. എ. റ്റി. സഖറിയ അച്ചൻ അനുഗ്രഹീതവും സന്ദർഭത്തിന് ഏറെ ഉചിതവുമായ ഒരു സന്ദേശം നൽകി. 'ഊര്' എന്ന സംരംഭത്തിന്റെ ഡയറക്ടർ ശ്രീ. ബിജു ഏബ്രഹാം ഈ സംരംഭത്തിന്റെ ആശയവും പ്രവർത്തനവും വിശദീകരിച്ചു തന്നു. ശ്രീമതിമാരായ സാറാമ്മ വർഗ്ഗീസ്, ബിനി സാംജി, ജൂനോമ്മ ജേക്കബ് എന്നിവരുടെയും കുമാരിമാരായ റിയ മറിയം മാത്യു, മെറിൻ റേച്ചൽ രജി എന്നിവരുടെയും സംഘഗാനങ്ങളും റിട്രീറ്റിന്റെ മാറ്റു കൂട്ടി. റവ. കുരുവിള ഫിലിപ്പ് അച്ചന്റെ സമാപന പ്രാർത്ഥനയോടും എ.റ്റി.സഖറിയ അച്ചന്റെ ആശീർവാദത്തോടും കൂടി 2024 -2025 വർഷത്തെ റിട്രീറ്റ് സമംഗളം പര്യവസാനിച്ചു.

## വികസന സംഘം:

നമ്മുടെ ഇടവകയിൽ 21.07.2024 ഞായാറാഴ്ച ആരാധാനാന്തരം കൂടിയ മീറ്റിംഗിൽ വെച്ച് താഴെ പറയുന്ന ഭാരവാഹികളെ തിരഞ്ഞെടുത്തതോടെ നമ്മുടെ ഇടവകയിലെ വികസന സംഘം യൂണിറ്റ് രൂപീകൃതമായി: കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തു.

| | |
|---|---|
| പ്രസിഡന്റ് | : **റവ. തോമസ് മാത്യു** |
| വൈസ് പ്രസിഡന്റുമാർ | : **റവ. കുരുവിള ഫിലിപ്പ്** &<br>**ശ്രീ വിജി വർഗ്ഗീസ്, മാങ്ങോട്ട്** |
| സെക്രട്ടറി | : **ശ്രീ തോമസ് ജോസഫ്, നെല്ലിമൂട്ടിൽ മന്നത്ത്** |
| ട്രസ്റ്റി | : **ശ്രീ. രാജു വർഗ്ഗീസ്, കണ്ണോത്ത്** |
| സെന്റർ പ്രതിനിധി | : **ശ്രീ. ദീപു ജോസഫ് തോമസ്,നെല്ലിമൂട്ടിൽ മന്നത്ത്** |
| ഭദ്രാസന പ്രതിനിധി | : **ശ്രീ. ഏബ്രഹാം ഈശോ റെജി, ഐക്കരേത്ത്** |
| കൈസ്ഥാന സമിതി പ്രതിനിധി | : **ശ്രീ ജോസഫ് ചാക്കോ, നെല്ലിമൂട്ടിൽ** |
| കമ്മിറ്റി അംഗങ്ങൾ | : **1. ശ്രീ സാബു വർഗ്ഗീസ്**<br>**2. ശ്രീമതി ജൂനോമ്മ ജേക്കബ്**<br>**3. കുമാരി റിയ മറിയം മാത്യു**<br>**4. ശ്രീ സജീവ് ജേക്കബ്** |

## മെത്രാപ്പോലീത്തായുടെ ഇടവക സന്ദർശനം:

2024 ജൂലൈ 28-ാം തീയതി മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ പരമാധ്യക്ഷൻ അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ നമ്മുടെ ഇടവക സന്ദർശിക്കുകയും വിശുദ്ധ കുർബാന ശുശ്രൂഷയ്ക്ക് മുഖ്യ കാർമികത്വം നിർവഹിക്കുകയും ചെയ്തു. വിശുദ്ധ കുർബ്ബാന ശുശ്രൂഷ DSMC യുടെ തത്സമയ സംപ്രേക്ഷണം ഉണ്ടായിരുന്നു. ഇടവക വികാരി റവ. തോമസ് മാത്യു അച്ചൻ തന്റെ പട്ടത്വ ശുശ്രൂഷയിൽ 31 വർഷം പൂർത്തീകരിച്ച സന്ദർഭത്തിൽ യുവജനസഖ്യം പുറത്തിറക്കിയ Bookmarkന്റെ പ്രകാശനം അതിന്റെ ഒരു കോപ്പി റവ. കുരുവിള ഫിലിപ്പ് അച്ചന് നൽകികൊണ്ട് അതിന്റെ പ്രകാശന കർമം അഭിവന്ദ്യ മെത്രാപ്പോലീത്താ നിർവഹിച്ചു.

## മൾട്ടി സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ്:

2024 ആഗസ്റ്റ് മാസം 10-ാം തീയതി ശനിയാഴ്ച നമ്മുടെ ഇടവകയുടെയും ആമല്ലൂർ റെസിഡൻസ് അസോസിയേഷന്റെയും സംയുക്താഭിമുഖ്യത്തിൽ തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിയുടെയും ജോയ് ആലുക്കാസ് ഫൗണ്ടേഷന്റെയും സഹകരണത്തോടെ നമ്മുടെ പള്ളിയുടെ ഹാളിൽ വെച്ച് ഒരു മൾട്ടി സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു. റവ. തോമസ് മാത്യു അച്ചൻ അദ്ധ്യക്ഷത വഹിച്ച യോഗം റവ. കുരുവിള ഫിലിപ്പ് അച്ചന്റെ പ്രാർത്ഥനയോടെ ആരംഭിച്ചു. മാർത്തോമ്മാ സഭാ സെക്രട്ടറി റവ. എബി. റ്റി. മാമ്മൻ ക്യാമ്പിന്റെ ഔപചാരിക ഉദ്ഘാടന കർമ്മം നിർവഹിച്ചു. 13 മൾട്ടി സ്പെഷ്യാലിറ്റി വിഭാഗങ്ങളിലായി നാനൂറിലധികം ആളുകൾക്ക് ക്യാമ്പിൽ സൗജന്യ പരിശോധനകൾ നടത്തി ആവശ്യക്കാർക്ക് മരുന്നുകൾ വിതരണം ചെയ്തു.

## വയോജനങ്ങൾക്കു വേണ്ടിയുള്ള പ്രത്യേക വിശുദ്ധ കുർബ്ബാന:

2024 ആഗസ്റ്റ് മാസം 20-ാം തീയതി ചൊവ്വാഴ്ച രാവിലെ 8 മണിക്ക് വയോജനങ്ങൾക്കു വേണ്ടിയുള്ള പ്രത്യേക വിശുദ്ധ കുർബ്ബാന ശുശ്രൂഷ നടത്തി. റവ. എ. റ്റി. സഖറിയ അച്ചൻ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. സാധാരണ ഞായറാഴ്ചകളിലെ വിശുദ്ധ കുർബ്ബാന ശുശ്രൂഷയിൽ പങ്കെടുക്കുവാൻ കഴിയാത്ത പലർക്കും തിരുമേശയിൽ പങ്കാളികളാകാൻ ഈ അവസരം പ്രയോജനപ്പെട്ടു. ശുശ്രൂഷാനന്തരം പ്രഭാത ഭക്ഷണവും ഒരുക്കിയിരുന്നു.

## കുടുംബ സംഗമം:

2024 സെപ്റ്റംബർ 14-ാം തീയതി ശനിയാഴ്ച ആമല്ലൂർ സെഹിയോൻ കുടുംബ സംഗമം നമ്മുടെ പള്ളി അങ്കണത്തിൽ വെച്ച് റവ. കുരുവിള ഫിലിപ്പ് അച്ചന്റെ പ്രാർത്ഥനയോടെ രാവിലെ 10 മണിക്ക് ആരംഭിച്ചു. ഇടവക വികാരി റവ. തോമസ് മാത്യു അച്ചൻ കുടുംബ സംഗമത്തിന് നേതൃത്വം നൽകി. കുടുംബാംഗങ്ങൾ സജീവമായി പങ്കെടുത്ത രസകരമായ മത്സരക്കളികളും മറ്റു കലാപരിപാടികളും സമ്മാനദാനവും സംഗമത്തിന്റെ മാറ്റു കൂട്ടി. തോമസ് മാത്യു അച്ചന്റെ നേതൃത്വത്തിൽ കുടുംബ സംഗമം നടത്തിപ്പിനു വേണ്ടി നിയോഗിക്കപ്പെട്ട സമിതിയും യുവജനസഖ്യം അംഗങ്ങളും മറ്റും ഏറ്റെടുത്ത ഉത്തരവാദിത്വം വളരെ ഭംഗിയായി നിർവഹിച്ച് ഈ സംഗമം വിജയകരമായി നടത്തി. ഈ സംഗമം കുടുംബാംഗങ്ങൾ തമ്മിൽ അന്യോന്യം കൂടുതൽ പരിചയപ്പെടുന്നതിനും കുടുംബബന്ധങ്ങൾ നിലനിർത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും കുടുംബാംഗങ്ങൾക്കിടയിൽ സ്വത്വബോധം വളർത്തുന്നതിനും ഉതകുന്ന ഒരു നിഷ്കളങ്ക സ്നേഹത്തിന്റെയും

നിസ്വാർത്ഥ സഹകരണത്തിന്റെയും വേദിയായി. വിഭവസമൃദ്ധമായ സ്വാദിഷ്ഠ സദ്യയും ഒരുക്കിയിരുന്നു.

## വയോജന ഞായർ

സെപ്റ്റംബർ 15–ാം തീയതി ഞായർ വയോജന ദിനമായി ആചരിക്കുകയും ആരാധനയിൽ സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ് അംഗങ്ങൾ സഹായിക്കുകയും റവ. കുരുവിള ഫിലിപ്പ് അച്ചൻ വയോജനദിന സന്ദേശം നൽകുകയും ചെയ്തു.

## സായാഹ്ന കൂട്ടായ്മ:

2023 സെപ്റ്റംബർ മാസം ആരംഭിച്ച ഇടവകയുടെ അനൗപചാരിക കൂട്ടായ്മയായ 'സായാഹ്ന കൂട്ടായ്മ' കഴിഞ്ഞ ഒരു വർഷമായി തിങ്കൾ, ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിൽ വൈകിട്ട് 4.30 മുതൽ 6.30 വരെ പള്ളിയിൽ കൂടുകയും സൗകര്യപ്രദമായ ദിവസങ്ങളിൽ രോഗികളായിരിക്കുന്ന വയോജനങ്ങളെ സന്ദർശിക്കുകയും അവരോടൊപ്പം സമയം ചെലവിടുകയും ചെയ്തുവരുന്നു.

## സ്വാതന്ത്ര്യ ദിനാചരണം:

2024 ഓഗസ്റ്റ് 15 ന് രാവിലെ 8 മണിക്ക് യുവജനസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ഇടവക ചുമതലക്കാരുടെയും യുവജനസഖ്യം അംഗങ്ങളുടെയും സഖ്യം സ്നേഹിതരുടെയും സാന്നിധ്യത്തിൽ ഇടവക വൈസ് പ്രസിഡന്റ് പ്രൊഫ. സാംജി തോമസ് ദേശീയ പതാക ഉയർത്തി സ്വാതന്ത്രദിന ആഘോഷത്തിന് തുടക്കം കുറിക്കുകയും സ്വാതന്ത്രദിന സന്ദേശം നൽകുകയും ചെയ്തു. യുവജന സഖ്യം വൈസ് പ്രസിഡന്റ് അഡ്വ. ബോണി മാത്യു ബോബൻ സ്വാതന്ത്രദിന സത്യപ്രതിജ്ഞാ ചടങ്ങിന് നേതൃത്വം നൽകി. മധുരം വിതരണം ചെയ്ത് സന്തോഷം പങ്കുവെക്കുകയും ചെയ്തു.

## അനുമോദനം :

തിരുവല്ല ഈസ്റ്റ് സെന്റർ യുവജന സഖ്യം സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട നമ്മുടെ യുവജനസഖ്യം അംഗം ശ്രീ ക്രിസ്റ്റോ മാത്യു തോമസിന് ഇടവകയുടെ അനോമോദനങ്ങൾ

## ആദരാഞ്ജലികൾ:

1. പ്ലാപ്പറ പുത്തൻവീട്ടിൽ **പി. വി. ഉമ്മൻ (94)** 2024 ജൂലൈ 7ന് നിര്യാതനായി.
2. മുണ്ടമറ്റത്ത് **എം.പി. തോമസ് (97)** 2024 ആഗസ്റ്റ് 8ന് നിര്യാതനായി.
3. മുണ്ടപ്ലാക്കൽ ഗ്രേസ് വില്ലയിൽ **എം. സി. മാത്യു (84)** 2024 ആഗസ്റ്റ് 25 ന് നിര്യാതനായി.

*നിര്യാതരായ പ്രിയ ഇടവക അംഗങ്ങളുടെ ദേഹവിയോഗത്തിൽ ആമല്ലൂർ സെഹിയോൻ മാർത്തോമ്മാ ഇടവകയുടെ ആദരാഞ്ജലികൾ.*

## വിശുദ്ധ വിവാഹം:

1. കണ്ണോത്ത് ശ്രീമതി സാറാമ്മ ജോർജ്ജിന്റെയും പരേതനായ ശ്രീ ജോർജ്ജ് ഏബ്രഹാമിന്റെയും മകൻ നിബിൻ കെ. ജോർജ്ജും ആനപ്രാമ്പൽ മാർത്തോമ്മാ ഇടവകയിൽ പൂവത്തുകുന്നേൽ ശ്രീ സജി പി. ജേക്കബിന്റെയും ശ്രീമതി ഷീല ജേക്കബിന്റെയും മകൾ ഷിന്റ ജേക്കബും തമ്മിലുള്ള വിശുദ്ധ വിവാഹം 2024 ആഗസ്റ്റ് 20 ന് ഈ ഇടവകയിൽ വെച്ച് നടത്തപ്പെട്ടു.

2. നെല്ലിമൂട്ടിൽ ശ്രീ കുര്യൻ ഐസക്കിന്റെയും ശ്രീമതി അച്ചാമ്മ പി.പി.യുടെയും മകൻ ഷോൺ കുര്യൻ ഐസക്കും Raipur Tatibandh St Johns MTC, HIG 1989 Veersawarkar Nagar -ൽ ശ്രീ ജോർജ്ജ് ചെറിയാന്റെയും ശ്രീമതി അന്നമ്മ ജോർജ്ജിന്റെയും മകൾ ക്രിസ്റ്റീന ജോർജ്ജും തമ്മിലുള്ള വിവാഹം 2024 സെപ്റ്റംബർ 12-ാം തീയതി ഈ ഇടവകയിൽ വെച്ച് നടത്തപ്പെട്ടു.

***സെഹിയോൻ കുടുംബത്തിന്റെ ആശംസകൾ.***

## വിശുദ്ധ മാമ്മോദീസ:

1. പയ്യംപ്ലാട്ട് ശ്രീ അജി പി. ഐസക്കിന്റെയും ശ്രീമതി ബിൻസി ജോസിന്റെയും മകൾ ഇലാന അജി 2024 സെപ്റ്റംബർ 22-ാം തീയതി നമ്മുടെ പള്ളിയിൽ വെച്ച് മാമ്മോദീസ സ്വീകരിച്ച് വിശുദ്ധ സഭയുടെ അംഗത്വത്തിലേക്കു പ്രവേശിച്ചു.

ക്രിസ്തീയ സഭയുടെ അംഗത്വത്തിലേക്ക് പ്രവേശിച്ച ഈ പൈതൽ ദൈവാത്മാവിൽ വളരുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുകയും കുഞ്ഞിനെ ദൈവകൃപയിൽ വളർത്തുവാൻ മാതാപിതാക്കൾക്ക് കഴിയട്ടെ എന്ന് ഇടവകയായി ആശിക്കുകയും ചെയ്യുന്നു.

# ഇടവക അറിയിപ്പുകൾ

## ക്രിസ്തീയ കുടുംബ പ്രതിഷ്ഠാ ദിനം :

ഒക്ടോബർ 27-ാം തീയതി ഞായറാഴ്ച കുടുംബ പ്രതിഷ്ഠാ ദിനമായി ആചരിക്കുകയും രാവിലെ 9 മണിക്ക് വിശുദ്ധ കുർബ്ബാന ശുശ്രൂഷ ആരംഭിക്കുകയും ചെയ്യും.

## ഇടവക കൺവൻഷൻ :

നവംബർ 8 & 9 (വെള്ളി & ശനി) തീയതികളിൽ വൈകിട്ട് 6 മണിക്ക് ഇടവക കൺവൻഷൻ പള്ളിയിൽ നടത്തപ്പെടും. ബ്രദർ സജു അയിരൂർ വചന ശുശ്രൂഷ നിർവ്വഹിക്കും.

## 70-ാം ഇടവകദിനം:

നവംബർ മാസം 10-ാം തീയതി ഞായാറാഴ്ച നമ്മുടെ ഇടവകയുടെ 70-ാം ഇടവകദിനം രാവിലെ 8.30 ന് വിശുദ്ധ കുർബ്ബാന ശുശ്രൂഷയോടെ ആരംഭിക്കും. മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ സീനിയർ വികാരി ജനറൽ വെരി. റവ. ഡോ. ഈശോ മാത്യു മുഖ്യ കാർമ്മികത്വം വഹിക്കും. ആദ്യ കുർബ്ബാന ശുശ്രൂഷയും ഉണ്ടായിരിക്കും. ആരാധനാമദ്ധ്യേ ഏകദിന വരുമാന സമർപ്പണവും ആരാധനയെ തുടർന്ന് ഇടവകദിന സമ്മേളനവും നടത്തപ്പെടുന്നതാണ്.

## ആദ്യഫല സാധന ശേഖരണവും ലേലവും:

നവംബർ 17 , ഡിസംബർ 1 , ഡിസംബർ 15 എന്നീ തീയതികളിൽ യഥാക്രമം 1, 2, 3, പ്രാർത്ഥനാ ഗ്രൂപ്പുകളുടെ ആദ്യഫല സാധന ശേഖരണവും ലേലവും നടത്തപ്പെടും. ഈ ഞായറാഴ്ചകളിൽ ആരാധന രാവിലെ 8.30 ന് ആരംഭിക്കും.

## ഉമാപതി മിഷൻ ഫീൽഡ് വിസിറ്റ് :

നവംബർ 18 മുതൽ 22 വരെയുള്ള തീയതികളിൽ ഉമാപതി മിഷൻ ഫീൽഡ് വിസിറ്റ് ക്രമീകരിച്ചിരിക്കുന്നു.

## ക്രിസ്തുമസ് കരോൾ സർവ്വീസ് :

ഡിസംബർ 23-ാം തീയതി തിങ്കളാഴ്ച വൈകിട്ട് 6 മണിക്ക് ക്രിസ്തുമസ് ഗാന ശുശ്രൂഷ ആരംഭിക്കും.

## ജനനപ്പെരുന്നാൾ ശുശ്രൂഷ :

ഡിസംബർ 25-ാം തീയതി ബുധനാഴ്ച രാവിലെ 6.30 ന് ജനനപ്പെരുന്നാൾ ശുശ്രൂഷ ആരംഭിക്കും.

## വാച്ച് നൈറ്റ് സർവ്വീസ്:

ഡിസംബർ 31-ാം തീയതി ചൊവ്വാഴ്ച രാത്രി 10 മണിക്ക് വാച്ച് നൈറ്റ് സർവ്വീസ് ആരംഭിക്കും.

# സംഘടനാ വാർത്തകൾ

ഗായകസംഘം, സണ്ടേസ്കൂൾ, ഇടവകമിഷൻ, സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ്, സേവികാസംഘം, യുവജനസഖ്യം, യംഗ് വിമൻസ് ഫെല്ലോഷിപ്പ്, എന്നീ സംഘടനകളുടെ പ്രവർത്തനം ക്രമീകൃതമായി നമ്മുടെ ഇടവകയിൽ നടന്നുവരുന്നു. എല്ലാ സംഘടനകളും പ്രാർത്ഥനാ ഗ്രൂപ്പുകളും ഇടവകയുടെ ആരാധനയിലും മറ്റും ആരാധനാ സഹായ ക്രമീകരണങ്ങൾ ചെയ്ത് സഹായിച്ചു വരുന്നു.

## ഇടവക മിഷൻ:

മാസത്തിന്റെ ഒന്നും രണ്ടും അഞ്ചും ചൊവ്വാഴ്ച്ചകളിൽ വൈകിട്ട് 4 .30 ന് ഇടവകമിഷൻ മീറ്റിംഗ് പള്ളിയിൽ കൂടുന്നു. മൂന്നാം ചൊവ്വാഴ്ച രാവിലെ 10 മണിക്ക് പെയിൻ ആൻഡ് പാലിയേറ്റീവിന്റെ ഭാഗമായി ഇടവകമിഷൻ അംഗങ്ങൾ പള്ളിയിൽ വരാൻ ബുദ്ധിമുട്ടുള്ള രോഗികൾ, വാർധിക്യത്തിലായിരിക്കുന്നവർ എന്നിവരുടെ ഭവനങ്ങൾ സന്ദർശിക്കുന്നു. സെന്റർ മീറ്റിംഗുകളും മറ്റും ഇല്ലാത്ത എല്ലാ വെള്ളിയാഴ്ചകളിലും പള്ളിയിൽ വെച്ച് ഇടവകമിഷന്റെ നേതൃത്വത്തിൽ രാവിലെ 10.30 ന് ഉപവാസ പ്രാർത്ഥനയും നടത്തിവരുന്നു. സെപ്റ്റംബർ 29-ാം തീയതിയിലെ സംഘവാര ഡെപ്യൂട്ടേഷനിൽ നമ്മുടെ അംഗങ്ങൾ നിയോഗിക്കപ്പെട്ട മറ്റു പള്ളികളിൽ പങ്കെടുക്കുകയും നമ്മുടെ ഇടവകയിൽ സന്നദ്ധ സുവിശേഷക സംഘം തിരുവല്ല ഈസ്റ്റ് സെന്റർ സെക്രട്ടറി പ്രൊഫ. രാജു തോമസ് ആരാധനയിൽ പങ്കെടുക്കുകയും സംഘത്തിന്റെ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുകയും വചന ശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്തു.

## സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ്:

മാസത്തിന്റെ നാലാം ചൊവ്വാഴ്ച്ചകളിൽ വൈകിട്ട് 4.30 ന് നിശ്ചയിക്കപ്പെട്ട ഭവനങ്ങളിൽ വെച്ച് മീറ്റിംഗ് നടത്തിവരുന്നു. ഒക്ടോബർ - ഡിസംബർ മാസങ്ങളിലെ മീറ്റിംഗ് താഴെ പറയുന്ന ഭവനത്തിൽ ക്രമീകരിച്ചിരിക്കുന്നു:

നവംബർ 26: കണ്ണോത്ത് കൊമ്പാടി- ശ്രീ കെ.ജി. വർഗ്ഗീസിന്റെ ഭവനത്തിൽ

2024 ജൂലൈ 9 (ചൊവ്വ) ന് തിരുവല്ല ഈസ്റ്റ് സെന്റർ സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പിന്റെ 2024-2025 വർഷത്തെ പ്രവർത്തനോദ്ഘാടനം നമ്മുടെ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. വയോജനദിന ഞായറാഴ്ചയായ സെപ്റ്റംബർ 15-ാം തീയതി നടന്ന ആരാധനയിലും 2024 ആഗസ്റ്റ് മാസം 20-ാം തീയതി ചൊവ്വാഴ്ച നടന്ന വയോജനങ്ങൾക്കു വേണ്ടിയുള്ള പ്രത്യേക വിശുദ്ധ കുർബ്ബാന ശുശ്രൂഷയിലും സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ് അംഗങ്ങൾ ആരാധനാ സഹായ ക്രമീകരണങ്ങൾ ചെയ്തു സഹായിച്ചു.

## സേവികാസംഘം:

സെന്റർ മീറ്റിംഗുകളും റിട്രീറ്റും ഇല്ലാത്ത ബുധനാഴ്ചകളിൽ രാവിലെ 10.30 ന് പള്ളിയിൽ വെച്ചും മാസത്തിൽ ഒരു ബുധനാഴ്ച രാവിലെ 10.30 ന് നിശ്ചയിക്കപ്പെട്ട ഭവനങ്ങളിൽ വെച്ചും മീറ്റിംഗ് നടത്തപ്പെടുന്നു. സേവികസംഘവാരമായ സെപ്റ്റംബർ 1 മുതൽ 8 വരെയുള്ള ദിവസങ്ങളിൽ സേവികാസംഘാംഗങ്ങൾ പള്ളിയിൽ വരാൻ ബുദ്ധിമുട്ടുള്ള രോഗികൾ, വാർധ്യകൃത്തിലായിരിക്കുന്നവർ എന്നിവരുടെ ഭവനങ്ങൾ സന്ദർശിച്ചു. സെപ്റ്റംബർ മാസം ഒന്നാം തീയതി സേവികാസംഘത്തിന്റേതായ ആദ്യഫല ശേഖരണവും, സാധന ശേഖരണവും ലേലവും വിജയകരമായി നടത്തപ്പെട്ടു. സെപ്റ്റംബർ 8-ാം തീയതി സേവികാസംഘദിനമായി ആചരിച്ചു. സേവികാസംഘാംഗങ്ങൾ നിശ്ചയിക്കപ്പെട്ട ഗാനം ആരാധനാമധ്യേ ആലപിക്കുകയും ആരാധന ക്രമീകരണങ്ങളിൽ സഹായിക്കുകയും ചെയ്തു.

അടുത്ത മൂന്നു മാസങ്ങളിലെ കോട്ടേജ് മീറ്റിംഗുകൾ:

**ഒക്ടോബർ 23** : **നെല്ലിമൂട്ടിൽ ശ്രീമതി അച്ചാമ്മ പി.പി.(ബ്ലെസി) യുടെ ഭവനത്തിൽ.**
**നവംബർ 27** : **നെല്ലിമൂട്ടിൽ പ്രൊഫ. ആലിസ് മാത്യുവിന്റെ ഭവനത്തിൽ**
**ഡിസംബർ 18** : **കരിക്കോട്ട് കറുകപ്പറമ്പിൽ ശ്രീമതി ശാന്തമ്മ ജോർജ്ജിന്റെ ഭവനത്തിൽ.**

## ഗായകസംഘം:

ഞായറാഴ്ച ആരാധനയിലേക്കുള്ള ഗായകസംഘത്തിന്റെ ഗാന പരിശീലനം ശനിയാഴ്ചകളിൽ വൈകുന്നേരം 4.45ന് പള്ളിയിൽ വെച്ച് നടത്തപ്പെടുന്നു.

## യുവജനസഖ്യം:

യുവജനസഖ്യത്തിന്റെ പ്രവർത്തനങ്ങൾ ക്രമീകൃതമായി നമ്മുടെ ഇടവകയിൽ നടന്നു വരുന്നു. ഓണസമയത്ത് യുവജനസഖ്യം ഉപ്പേരി സെയിൽ നടത്തി. സ്വാതന്ത്ര്യദിനത്തിൽ ദേശീതപതാക ഉയർത്തിയും മധുരം പങ്കിട്ടും ഇടവകയിൽ സ്വാതന്ത്ര്യദിന ആഘോഷത്തിന് നേതൃത്വം നൽകി. ഇടവക നടത്തിയ കുടുംബ സംഗമ പരിപാടിയിൽ കളികളും മറ്റും ക്രമീകരിക്കുന്നതിനും നടത്തുന്നതിനും യുവജനസഖ്യാംഗങ്ങൾ സജീവമായി പങ്കെടുത്തു. ഇടവകാംഗങ്ങളിൽ നിന്നും ലഭിക്കുന്ന sponsorship സ്വീകരിച്ച് എല്ലാ ഞായറാഴ്ചകളിലും ആരാധനയ്ക്ക് ശേഷം ചായയോ കാപ്പിയോ നൽകി വരുന്നു.

## സണ്ടേസ്കൂൾ

ഞായറാഴ്ച രാവിലെ 7.30ന് ക്ളാസ്സുകൾ ആരംഭിക്കുന്നു. സെപ്റ്റംബർ 22-ാം തീയതി Bible Verse writing and Drawing competition നടത്തപ്പെട്ടു. ഒക്ടോബർ-ഡിസംബർ മാസങ്ങളിൽ താഴെ പറയുന്ന കാര്യങ്ങൾ നടത്തപ്പെടുന്നതാണ്:

October 13 : **Centre Talent Competition**
October 20 : **Centre PTA meeting in our Church**
November 3 : **World Sunday School Day**
November 17 : **Sunday School Annual Examination**
December 01 : **Biruth Examination**
December 23 : **Christmas programmes.**

## യംഗ് വിമൻസ് ഫെല്ലോഷിപ്പ്:

എല്ലാ മാസത്തിന്റെയും നാലാം ഞായറാഴ്ച ഉച്ചകഴിഞ്ഞു മൂന്നു മണിക്ക് പള്ളിയിൽ വെച്ച് മീറ്റിംഗ് നടത്തപ്പെടുന്നു.

## ബൈബിൾ ക്വിസ് – പത്രോസ് എഴുതിയ ഒന്നാം ലേഖനം

1. എഴുത്തുകാരന്റെ സഭയിലെ സ്ഥാനം എന്ത്? ആർക്ക് എഴുതി?
2. നമ്മെ വീണ്ടും ജനിപ്പിച്ച് രക്ഷക്കായി വിശ്വാസത്താൽ ദൈവശക്തിയിൽ സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്ന അവകാശത്തിന്റെ നാലു പ്രത്യേകതകൾ എന്തെല്ലാം?
3. "വിശ്വാസത്തിന്റെ പരിശോധന വിലയേറിയത്? എന്തിനേക്കാൾ?
4. "പൂർണ്ണ പ്രത്യാശ വച്ചുകൊൾവിൻ". എന്തിൽ?
5. പണ്ട് നിങ്ങളുടെ..................................................ഉണ്ടായിരുന്ന.......... ..................................നിങ്ങളെ വിളിച്ച ..................................ഒത്തവണ്ണം .................................. എല്ലാ നടപ്പിലും .......................................... ..............................
6. വ്യർത്ഥവും.....................................നിങ്ങളുടെ ..................................നിങ്ങളെ ....................................പൊന്ന് വെള്ളി മുതലായ.................................ക്രിസ്തു എന്ന.........................................വിലയേറിയ .....................................
7. കാലവുമായി ബന്ധപ്പെട്ട ക്രിസ്തുവിന്റെ രണ്ട് പ്രത്യേകതകൾ എന്ത്?
8. ദൈവം അവനെ (ക്രിസ്തുവിനെ) മരിച്ചവരിൽ നിന്ന് എഴുന്നേൽപ്പിച്ച് തേജസ്സു കൊടുത്തതെന്തിന് ?
9. ജനനവും വീണ്ടും ജനനവും തമ്മിലുള്ള വ്യത്യാസം എന്ത്
10. ആത്മീയഗൃഹനിർമ്മിതിയിൽ ക്രിസ്തുവിനെയും മനുഷ്യരെയും ഉപമിച്ചിരിക്കുന്ന പദങ്ങൾ ഏവ?
11. ദൈവഗൃഹനിർമ്മിതിയിൽ അവിശ്വാസിയുടെ അവസ്ഥയെക്കുറിച്ച് പത്രോസ് പറഞ്ഞതെന്ത്?
12. നിങ്ങളോ അന്ധകാരത്തിൽ നിന്ന് തന്റെ..............................................നിങ്ങളെ ..........................................................................................ആകുന്നു.
13. ജാതികൾ നിങ്ങളെ ദുഷ്പ്രവർത്തിക്കാർ എന്നു ദുഷിക്കുമ്പോൾ നമ്മുടെ വർത്തനം എന്തായിരിക്കേണം ?
14. സ്വാതന്ത്ര്യരായും............................................................ദുഷ്ടതയ്ക്കു.........................................ദൈവത്തിന്റെ .........................നടപ്പിൽ
15. ഒരുത്തൻ ദൈവത്തെക്കുറിച്ചുള്ള............................................. അന്യായമായി ..................................................സഹിച്ചാൽ അതു.................................. ..............................ആകുന്നു.
16. ദൈവത്തിനു പ്രസാദകരമായ കഷ്ടം എന്ത്? യശസ്സില്ലാത്ത കാര്യം എന്ത്?
17. കാൽചുവടു പിന്തുടരുവാൻ തക്ക ക്രിസ്തുവിന്റെ മാതൃക എന്ത്?
18. തന്നെ.........................................പകരം......................കഷ്ടം അനുഭവിച്ചിട്ട് ........................ന്യായമായി..........................കാര്യം...............ചെയ്തത്?

19. സ്ത്രീയുടെ സൗന്ദര്യം (അലങ്കാരം) എന്തല്ല? എന്താണ്?
20. വിവേകത്തോടെ..............വസിച്ച് സ്ത്രീജനം....................................എന്നും അവർ ............................. കൃപക്കും...................എന്നും ഓർത്ത് ...............................കൊടുപ്പിൻ.

**ശരിയുത്തരം ലഭിക്കേണ്ട അവസാന തീയതി 2024 നവംബർ 30**

## കഴിഞ്ഞ ലക്കത്തിലെ ശരിയുത്തരങ്ങൾ (സെഖര്യാവ് 1 – 7)

1. ഇദ്ദോ, വലിയപ്പൻ (1:1)
2. എങ്കലേക്ക് തിരിവിൻ (1:3)
3. ചുവപ്പ്, കുരാൽ, വെണ്മ (1:8)
   സർവ്വഭൂമിയും സ്വസ്ഥമായി വിശ്രമിച്ചിരിക്കുന്നത് കണ്ടു (1:11)
4. മഹാ തീക്ഷ്ണയോടെ എരിയുന്നു (1:14)
5. കരുണയോടെ, തിരിഞ്ഞിരിക്കുന്നു, അളവുനൂൽ (1:16)
6. നാലു കൊമ്പുകളും നാലു കൊല്ലന്മാരും (1:18 – 20)
7. യഹോവ യെരുശലേമിനു ചുറ്റും തീമതിലായിരിക്കും, അതിന്റെ നടുവിൽ മഹത്വമായിരിക്കും (2:5)
8. കണ്മണിയെ (2:8)
9. ഇതാ ഞാൻ വരുന്നു, ഞാൻ നിന്റെ മദ്ധ്യേ വസിക്കും എന്ന് യഹോവയുടെ അരുളപ്പാട്. (2:10)
10. സാത്താൻ, മഹാപുരോഹിതനായ യോശുവയെ (3:1)
11. അവനെ ഭത്സിച്ചു (3:2)
12. യഹോവ സാത്താനോട്. മഹാപുരോഹിതനായ യോശുവയെക്കുറിച്ച് (3:1,2)
13. അകൃത്യം ദൈവം പോക്കി ശുദ്ധീകരിച്ചിരിക്കുന്നു എന്ന ഉറപ്പോടെ ആലയത്തെയും പ്രാകാരങ്ങളെയും സൂക്ഷിക്കുവാനും പരിപാലിക്കുവാനുമാണ്. (3:4,7)
14. മുള = മശിഹ. യെശ. 11:1
15. സെഖര്യാവിനെ (4:1)
16. അടിസ്ഥാനം ഇട്ടതും പൂർത്തീകരിക്കുന്നതും സെരുബ്ബാബേൽ സൈന്യത്താലും ശക്തിയാലുമല്ല ദൈവത്തിന്റെ ആത്മാവിനാൽ (4:9,6)
17. സർവ്വഭൂമിയിലും ഊടാടിച്ചെല്ലുന്ന യെഹോവയുടെ ഏഴു കണ്ണ്.(4:10)
18. സെഖര്യാവ് 7:8,9,10
19. കേട്ടനുസരിക്കാതെ ഹൃദയത്തെ വജ്രംപോലെ കടുപ്പമാക്കി(7:12)
20. അവർ നിലവിളിക്കും ദൈവം കേൾക്കയില്ല. ഒരു ചുഴലിക്കാറ്റുകൊണ്ട് അവരെ അവർ അറിയാത്ത സകല ജാതികളുടെയും ഇടയിൽ പാറ്റികളഞ്ഞ്, മനോഹരദേശത്തെ ശൂന്യമാക്കും. (7:13,14)

**ബൈബിൾ ക്വിസ് കഴിഞ്ഞ ലക്കത്തിൽ സമ്മാനാർഹരായവർ**

1. ശ്രീമതി സില്ലി വർഗീസ്, മാങ്ങോട്ട്, 2. പ്രൊഫ. ആലീസ് മാത്യു, നെല്ലിമൂട്ടിൽ

## ഞായറാഴ്ചകളിൽ നടത്തപ്പെടുന്ന പ്രാർത്ഥനായോഗങ്ങൾ

| തീയതി | ഒന്നാം ഗ്രൂപ്പ് , 4.00 പി.എം. | രണ്ടാം ഗ്രൂപ്പ്, 3.00 പി.എം. | മൂന്നാം ഗ്രൂപ്പ്, 4.00 പി.എം. |
|---|---|---|---|
| 06.10.2024 | | അലക്സാണ്ടർ തോമസ് പരുമൂട്ടിൽ കൃപാഭവൻ | എൻ .റ്റി. ഏബ്രഹാം നെടിയകാലായിൽ International Garden View Flat No. 11B |
| 13.10.2024 | വർഗ്ഗീസ് തോമസ്, പ്ലാപ്പറ | കോശി വർഗ്ഗീസ് കണ്ണോത്ത് കാഞ്ഞിരമറ്റം | എം. ബേബി, പാലശ്ശേരിൽ |
| 20.10.2024 | ഈപ്പൻ മാത്യു (രാജു) മുണ്ടമറ്റം | വർഗ്ഗീസ് ജോർജ്ജ് , ഐക്കൊള്ളിൽ ജോളി വില്ല | തോമസ് കുരുവിള നെല്ലിമൂട്ടിൽ |
| 27.10.2024 | സംയുക്ത പ്രാർത്ഥന - ഒന്നാം ഗ്രൂപ്പ് - | | |
| 03.11.2024 | വത്സാ സ്കറിയ ആനിക്കാട്ട് | ജോൺ തോമസ് മഠത്തിലോട്ട് | കോശി ജേക്കബ് മുല്ലമംഗലം |
| 10.11.2024 | PARISH DAY | | |
| | | മാത്തുക്കുട്ടി സി.കെ, പ്ലാക്കുഴിയിൽ - 4 പി.എം. | |
| 17.11.2024 | Harvest Festival | | |
| 24.11.2024 | സംയുക്ത പ്രാർത്ഥന - രണ്ടാം ഗ്രൂപ്പ് | | |
| 01.12.2024 | Harvest Festival | | |
| | ഡോ. ജോർജ്ജ് ചെറിയാൻ, നവജീവോദയം | | |
| 08.12.2024 | കോശി പി. ഈപ്പൻ പുതിയവീട്ടിൽ ലിസ് കോട്ടേജ് | രാജു വർഗ്ഗീസ് കണ്ണോത്ത് കല്ലുമൂല | ഷിബു മാത്യു കുന്നത്തുപറമ്പിൽ |
| 15.12.2024 | Harvest Festival | | |
| | ബോബൻ മാത്യു, ഞാലിലേട്ട് | | |
| 22.12.2024 | സംയുക്ത പ്രാർത്ഥന - മൂന്നാം ഗ്രൂപ്പ് - | | |
| 29.12.2024 | പി.കെ. ചാണ്ടി, പറപ്പള്ളിൽ | കുര്യൻ ഐസക് നെല്ലിമൂട്ടിൽ | മാത്യു ഏബ്രഹാം പുതുപ്പറമ്പിൽ |

## പ്രത്യേക ശ്രദ്ധയ്ക്ക്

1. 2025 ജനുവരി - ഫെബ്രുവരി - മാർച്ച് സെഹിയോൻ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കേണ്ട പ്രാർത്ഥനായോഗങ്ങളുടെയും സംഘടനകളുടെയും വാർത്തകളും, അറിയിപ്പുകളും, ലേഖനങ്ങളും ഡിസംബർ 15-ാം തീയതിക്കു മുമ്പായി ഇടവക സെക്രട്ടറിയെ ഏൽപിക്കുവാൻ പ്രാർത്ഥനാഗ്രൂപ്പുകളുടെയും പോഷകസംഘടനകളുടെയും ചുമതലക്കാർ ശ്രദ്ധിക്കുക.
2. സെഹിയോൻ ബുള്ളറ്റിൻ സ്പോൺസർ ചെയ്യുവാൻ ആഗ്രഹിക്കുന്നവർ ട്രസ്റ്റിയെയോ സെക്രട്ടറിയെയോ പ്രസ്തുത വിവരം അറിയിക്കുവാൻ താൽപര്യപ്പെടുന്നു.
3. സെഹിയോൻ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുവാൻ മൂല്യമുള്ള കലാസൃഷ്ടികളും കവിതകളും ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് വികാരിയെയോ സെക്രട്ടറിയെയോ സമീപിക്കുക. പ്രസിദ്ധീകരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള അന്തിമ തീരുമാനം വികാരിയുടേതായിരിക്കും.



16.07.2024 ലെ കൈസ്ഥാന സമിതി റിട്രീറ്റിൽ പങ്കെടുത്തവർ

| ഇടവകയിലെ സാധാരണ പരിപാടികൾ | |
|---|---|
| ഞായർ രാവിലെ 7.30 | സൺഡേസ്കൂൾ |
| ഞായർ രാവിലെ 9.30 | വിശുദ്ധ കുർബ്ബാന |
| ഞായർ ശുശ്രൂഷാനന്തരം | യുവജനസഖ്യം |
| 1,2,5 ചൊവ്വ വൈകിട്ട് 4.30 | ഇടവകമിഷൻ |
| ബുധൻ രാവിലെ 10.30 | സേവികാസംഘം |
| വെള്ളി രാവിലെ 10.30 | ഉപവാസപ്രാർത്ഥന |
| 3–ാം ചൊവ്വ രാവിലെ 10.00 | പെയിൻ & പാലിയേറ്റീവ് ഭവന സന്ദർശനം |
| 4–ാം ചൊവ്വ വൈകിട്ട് 4.30 | സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് |
| 4–ാം ഞായർ വൈകിട്ട് 3.00 | യംഗ് വിമൻസ് ഫെല്ലോഷിപ്പ് |
| ശനി വൈകിട്ട് 4.45 | ഗായകസംഘ ഗാനപരിശീലനം |

For Private Circulation Only

RED Media | 9495 151222